# പെൺഭ്രൂണഹത്യ വയനാട്ടിലും

സി.ഡി. സുനീഷ്

കല്പറ്റ: ഗർഭസ്ഥശിശുവിന്റെ ലിംഗനിർണ്ണയത്തിനുള്ള അൾട്രാസൗണ്ട് സ്കാനിംഗ് സംവിധാനം ദുരുപയോഗപ്പെടുത്തി പെൺഭ്രൂണഹത്യകൾ വർദ്ധിച്ച വരുന്നതായാണ് അനൗദ്യോഗിക റിപ്പോർട്ടുകൾ.

ജില്ലയിൽ സ്വകാര്യസ്ഥാപനങ്ങളും സർക്കാർ ആശുപത്രികളുമായി 17 സ്ഥാപനങ്ങളാണ് ഈ കൊടും ക്രൂരതക്ക് കൂട്ടുനിൽക്കുന്നത്. സ്വകാര്യസ്ഥാപനങ്ങൾ എല്ലാം തന്നെ സർക്കാർ രജിസ്ട്രേഷനുള്ളവയാണ്.

ലിംഗനിർണ്ണയം നടത്താമെങ്കിലും ആ വിവരം വ്യക്തിയെ അറിയിക്കരുത് എന്നാണ് നിയമം. ഇതിന് വിരുദ്ധമായി പ്രവർത്തിച്ചാൽ കർശനനടപടി എടുക്കാൻ വ്യവസ്ഥ ഉണ്ടെങ്കിലും നിയമം കടലാസിൽതന്നെ എന്നതാണ് അവസ്ഥ.

പെൺഭ്രൂണഹത്യ തടയാൻ ജില്ലാമെഡിക്കൽ ഓഫീസറുടെ കീഴിൽ ജില്ലാതല കമ്മിറ്റികൾ നിലവിൽ വന്നിട്ടുണ്ട്. ജില്ലാതല കമ്മിറ്റികൾ രണ്ട് മാസം കൂടുമ്പോൾ പ്രവർത്തനങ്ങൾ വിലയിരുത്തും. വൈകാതെ ജില്ലയിലെ കല്പറ്റ, മാനന്തവാടി, ബത്തേരി കേന്ദ്രീകരിച്ച് താലൂക്ക് തല കമ്മിറ്റികളും രൂപീകരിക്കുമെന്ന് ഡി.എം.ഒ. ഡോ. എ.പി. ശ്രീകുമാർ പറഞ്ഞു.

പതിനായിരക്കണക്കിന് സ്ത്രീകൾ ഭാഗവാക്കായ സ്ത്രീസ്വാശ്രയസംഘം ഉണർന്ന് പ്രവർത്തിച്ചാൽ ഇനി വയനാട്ടിൽ ഒരു പെൺഭ്രൂണഹത്യയും നടക്കില്ല എന്നുറപ്പുവരുത്താനാകും. സമ്പാദ്യശീലത്തോടൊപ്പം സ്ത്രീകൾക്കെതിരെയുള്ള ഈ കൊടും ക്രൂരതയെ നേരിട്ടുകൊണ്ട് മാതൃക കാണിക്കാൻ സ്ത്രീസ്വാശ്രയസംഘങ്ങൾ മുൻകൈ എടുക്കുമോ......?